# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – അയിരൂർ ഗ്രാമപഞ്ചായത്ത് - മാനവമൈത്രി ചതയ ജലോത്സവം - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം.2662/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/08/2017

---

പരാമർശം:- 1. അയിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11/07/2017 ലെ എ 3.300/17 നമ്പർ കത്ത്.

2. അയിരൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 07/07/2017 ലെ 2(1) നമ്പർ തീരുമാനം.

## ഉത്തരവ്

അയിരൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുരാതനകാലം മുതൽ വർഷം തോറും ചിങ്ങമാസത്തിലെ ചതയ ദിനത്തിൽ നടത്തി വരുന്ന ജലോത്സവമായ മാനവമൈത്രി ചതയ ജലോത്സവത്തിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് മൂന്ന് ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (2) ലെ തീരുമാനപ്രകാരം ഇതിന് അംഗീകാരം നൽകുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയിരൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും ചിങ്ങമാസത്തിലെ ചതയ ദിനത്തിൽ നടത്തി വരുന്ന മാനവമൈത്രി ചതയ ജലോത്സവത്തിന്റെ 2017 വർഷത്തിലെ ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി ജെ. ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട – 689 611
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.&എ ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.